## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1583** **31.01.2018 ൽ മറുപടിയ്ക്ക്**

### നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | കേരളത്തിന്റെ തനതു കാർഷിക വിളയായ നാളികേര കൃഷി വ്യാപകമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. 2017-18 വർഷം കേരവർഷമായി കൃഷി വകുപ്പ് പ്രഖ്യാപിക്കുകയും ഇതിനായി വിപുലമായ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി കൃഷി വകുപ്പ മന്ത്രി ചെയർമാനായി സംസ്ഥാന കോക്കനട്ട് മിഷൻ രൂപീകരിക്കുന്നതാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിൽ വരുന്ന ഗവേഷണ സ്ഥാപനങ്ങൾ ഈ മിഷനിൽ പങ്കാളികളാകും. 2018 മുതൽ 2028 വരെ 10 വർഷത്തേക്കുള്ള ഒരു പാക്കേജിന് രൂപം നൽകാനാണ് ഉദ്ദേശിക്കുന്നത്. |
| ബി) | ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | ബി) & സി) 2017-18 സാമ്പത്തിക വർഷം നാളികേര കൃഷി വികസനത്തിനായി 4500 ലക്ഷം രൂപ വാർഷിക ബഡ്ജറ്റിൽ വകയിരുത്തി സംസ്ഥാനാവിഷ്കൃത പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>സമഗ്ര നാളികേരകൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ, പുതുതായി തെരഞ്ഞെടുത്ത 53 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധി പ്പെടുത്തലുമാണ് പദ്ധതിയിലൂടെ |
| സി) | പൊക്കം കുറഞ്ഞതും കൂടുതൽ കായ്ഫലം ലഭിക്കുന്നതുമായ ഇനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

ലക്ഷ്യമിടുന്നത്. ശാസ്ത്രീയമായി കൃഷി ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാൻ ഉതകുന്ന ഘടകങ്ങൾ എല്ലാം തന്നെ സമഗ്ര നാളികേര വികസനത്തിനായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ഒരു ക്യാമ്പയിൻ അടിസ്ഥാനത്തിൽ അവലംബിക്കുവാനുള്ള പദ്ധതിയ്ക്കായി 300 ലക്ഷം രൂപയും കേന്ദ്ര തോട്ടവിള കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാനായി 300 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ SCSP/TSP മേഖലകളിൽ തെങ്ങ് പ്രദർശനതോട്ടങ്ങൾ സ്ഥാപിക്കുവാൻ 175 ലക്ഷം രൂപയുടെ പദ്ധതിയും പ്രായാധിക്യവും, രോഗവും മൂലം ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകളെ വെട്ടിമാറ്റി പുതിയവ നടുന്നതിനും ബാക്കി നിലനിൽക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിന് വേണ്ടിയുള്ള 1315.65 ലക്ഷം രൂപയുടെ നാളികേര വികസന ബോർഡ് അനുവദിച്ചുതന്ന കേന്ദ്രാവിഷ്കൃത പദ്ധതിയും ഈ വർഷം നാളികേര വികസനത്തിനായി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു.

അത്യുല്പാദന ശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, കേര കൃഷിയിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക, വിളവെടുപ്പിന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, കണിക ജലസേചനം വഴി ജല ഉപയോഗം ക്രമീകരിക്കുക എന്നുള്ളതാണ് ടി പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. 567.50 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

Manoj

**സെക്ഷൻ ഓഫീസർ**